നം. സി1/17732/റ്റി സി/2011

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്,
കേരള, തിരുവനന്തപുരം,
തിയ്യതി 09.11.2011

പ്രേക്ഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം : - മോട്ടോർ വാഹന വകുപ്പ് - ഡ്രൈവിംഗ് ടെസ്റ്റുകൾ നടത്തുന്നത് സംബന്ധിച്ച്

സൂചന :- 1. ആൾ കേരള മോട്ടോർ ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടേഴ്സ് ആന്റ് വർക്കേഴ്സ് അസ്സോസിയേഷന്റെ നിവേദനം.
2. 14.09.2011 തീയതിയിലെ സർക്കുലർ നം. 20/2011.

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) പ്രകാരമുള്ള നിവേദനത്തിൽ ആൾ കേരള മോട്ടോർ ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടേഴ്സ് ആന്റ് വർക്കേഴ്സ് അസ്സോസിയേഷൻ ചൂണ്ടികാണിക്കുന്നത്, സൂചന (2) പ്രകാരമുള്ള സർക്കുലർ 20/2011-ലെ രണ്ടാമത്തെ നിർദ്ദേശപ്രകാരം ഡ്രൈവിംഗ് ടെസ്റ്റ് ഗ്രൗണ്ടിൽ ടെസ്റ്റ് സമയത്ത് ഡ്രൈവിംഗ് സ്കൂൾ ഉടമകളോ ഇൻസ്ട്രക്ടർമാരോ പ്രവേശിക്കുന്നത് സംബന്ധിച്ച് നൽകിയ നിർദ്ദേശം പല തരത്തിലുള്ള ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു എന്നാണ്. ഡ്രൈവിംഗ് ടെസ്റ്റ് ഗ്രൗണ്ട് എന്നുള്ളത് കൊണ്ടുദ്ദേശിക്കുന്നത് ഡ്രൈവിംഗ് ടെസ്റ്റ്പാർട്ട് 1-ൽ നടത്തുന്ന എച്ച്, എട്ട് ടെസ്റ്റുകൾക്കായി മാർക്ക് ചെയ്തിരിക്കുന്ന ഭാഗമാണ്. ഇത് കൂടാതെ ട്രാൻസ്പോർട്ട് കമ്മീഷണർ നൽകുന്ന നിർദ്ദേശങ്ങൾ സ്വന്തം ഇഷ്ടപ്രകാരം തോന്നുന്ന രീതിയിൽ വ്യാഖ്യാനിക്കുന്ന പ്രവണത ഒഴിവാക്കണമെന്നും നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകരത്തോടെ

സീനിയർ സൂപ്രണ്ട്.